ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE: 14.06.2025

പ്രധാനവാർത്ത

1) അഹമ്മദാബാദ് വിമാനാപകടത്തിന്റെ അന്വേഷണത്തിനായി ഉന്നതതല സമിതി രൂപീകരിച്ചതായി കേന്ദ്ര മന്ത്രി റാം മോഹൻ നായിഡു.

2) സംസ്ഥാനത്തെ രക്ത യൂണിറ്റുകളുടെ തത്സമയ ലഭ്യതയെക്കുറിച്ചറിയാൻ കേന്ദ്രീകൃത സോഫ്റ്റ് വെയർ സംവിധാനം സജ്ജമാക്കുന്നതായി മന്ത്രി വീണാ ജോർജ്.

PNU TVPM

3) വയോജന ക്ഷേമത്തിന് രാജ്യത്താദ്യമായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്ന് മന്ത്രി ആർ ബിന്ദു.

4) സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

5) നീറ്റ് യുജി പരീക്ഷാഫലം പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് യോഗ്യത നേടിയത് 73,328 പേർ.

6) ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ദക്ഷിണാഫ്രിക്കയ്ക്ക്.

******************

## പ്രധാനമന്ത്രി -സന്ദർശനം

സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നിവിടങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് ദിവസത്തെ പര്യടനത്തിന് നാളെ തുടക്കമാകും. നാളെ സൈപ്രസിലെത്തുന്ന പ്രധാനമന്ത്രി, സൈപ്രസ് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും. തുടർന്ന്

ജി 7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ശ്രീ മോദി മറ്റന്നാൾ കാനഡയിലെ കനനാസ്കിസിലെത്തും. ഈ മാസം 17 നാണ് ഉച്ചകോടി. ശേഷം, ഈ മാസം 18ന് പ്രധാനമന്ത്രി ക്രൊയേഷ്യ സന്ദർശിക്കും.

RNU TVPM

******************

## വ്യോമയാന മന്ത്രി ( ഇൻഡ്രോ )

അഹമ്മദാബാദ് എയർ ഇന്ത്യ വിമാനാപകടം സംബന്ധിച്ച് വിശദമായ അന്വേഷണത്തിനായി വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു. ആഭ്യന്തര സെക്രട്ടറി സമിതിയുടെ ചെയർമാൻ സ്ഥാനം വഹിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അപകട സാധ്യത ഒഴിവാക്കാൻ രാജ്യത്തെ 34 ബോയിംഗ് 787 വിമാനങ്ങളുടെ നിരീക്ഷണം

ശക്തമാക്കാൻ നിർദേശം നൽകിയതായും വ്യോമയാന മന്ത്രി പറഞ്ഞു.
( വോയിസ്....)
തകർന്ന വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് പരിശോധിച്ച ശേഷം അപകടം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ വ്യക്തമാകുമെന്ന് പറഞ്ഞ നായിഡു, മൃതദേഹങ്ങൾ തിരിച്ചറിയാനുള്ള ഡിഎൻഎ പരിശോധന എത്രയും വേഗം പൂർത്തിയാക്കാനാണ് ശ്രമമെന്നും കൂട്ടിച്ചേർത്തു.
അതേസമയം വിമാനാപകടത്തിൽ മരിച്ചവരുടെ എണ്ണം 254 ആയി. വിമാനത്തിലുണ്ടായിരുന്ന 241 പേരും പ്രദേശത്തുണ്ടായിരുന്നവരും മരിച്ചവരിൽ ഉൾപ്പെടുന്നു.

*******************

## ഇറാൻ - ഇസ്രായേൽ

ഇസ്രായേൽ - ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്രായേലിന്റെ വ്യോമാക്രമണങ്ങൾക്ക് പിന്നാലെ ഇറാനും ശക്തമായി തിരിച്ചടിച്ചു. ഇസ്രായേലിലെ ടെൽ അവീവ്, ജെറുസലേം തുടങ്ങിയ മേഖലകൾ ലക്ഷ്യമിട്ട് ഇറാൻ നടത്തിയ പ്രത്യാക്രമണത്തിൽ മൂന്ന് പേർ കൊല്ലപ്പെട്ടു. ഇറാൻ തലസ്ഥാനമായ ടെഹ്റാൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇസ്രായേൽ വ്യോമാക്രമണങ്ങളും തുടരുകയാണ്. ഇറാൻ ആണവായുധങ്ങൾ വികസിപ്പിക്കുന്നത് തടയുന്നതിനുള്ള മുൻകരുതൽ നടപടിയെന്ന് വിശേഷിപ്പിച്ചായിരുന്നു കഴിഞ്ഞ ദിവസം ഇസ്രായേൽ ആക്രമണം നടത്തിയത്.

*******************

## ആണവ ചർച്ച

യുഎസുമായുള്ള ആണവ ചർച്ചകളിൽ നിന്ന് ഇറാൻ പിന്മാറി. ഇസ്രായേൽ ആക്രമണം തുടരുന്ന പശ്ചാത്തലത്തിൽ അമേരിക്കയുമായുള്ള ആണവ ചർച്ചകൾ അർഥശൂന്യമാണെന്ന് ഇറാൻ വിമർശിച്ചു.

RNI TVPM

യുഎസുമായുള്ള ആണവ ചർച്ചകളുടെ ആറാം ഘട്ടം നാളെ ഒമാനിലെ മസ്കറ്റിൽ നടക്കാനിരിക്കവെയാണ് ഇറാന്റെ പിന്മാറ്റം. ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങൾക്ക് അമേരിക്കയുടെ തുറന്ന പിന്തുണയുണ്ടെന്ന ആരോപണവും ഇറാൻ ആവർത്തിച്ചു. എന്നാൽ ഇറാന്റെ വാദം യുഎസ് നിഷേധിച്ചു.

******************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

******************

## വയോജന ക്ഷേമം - ആർ ബിന്ദു

രാജ്യത്താദ്യമായി കേരളത്തിൽ, വയോജന ക്ഷേമത്തിനായി കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ആർ ബിന്ദു. വയോജനങ്ങൾക്ക് സംരക്ഷണം നൽകേണ്ടത് എല്ലാവരുടെയും കടമയാണെന്നും മുതിർന്ന പൗരന്മാർക്കായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് നിരവധി പദ്ധതികളാണ് നടപ്പാക്കുന്നതെന്നും, World Elder Abuse Awareness Day സന്ദേശത്തിൽ മന്ത്രി പറഞ്ഞു. ജൂൺ 15 ആണ് മുതിർന്ന പൗരന്മാരോടുള്ള

RNU TVPM

അതിക്രമങ്ങൾക്ക് എതിരെയുള്ള ബോധവത്കരണ ദിനമായി ആചരിക്കുന്നത്.

******************

## നീറ്റ് യുജി പരീക്ഷാ ഫലം

നീറ്റ് യുജി പരീക്ഷാ ഫലം പ്രഖ്യാപിച്ചു. പരീക്ഷാഫലം neet.nta.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ഉത്തരസൂചികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജസ്ഥാൻ സ്വദേശി മഹേഷ്കുമാറിനാണ് ഒന്നാം റാങ്ക്. മധ്യപ്രദേശ് സ്വദേശി ഉത്കർഷ് അവാദിയ, മഹാരാഷ്ട്രയിൽ നിന്നുള്ള കൃഷാങ് ജോഷി എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേരളത്തിൽ നിന്ന് പരീക്ഷ എഴുതിയ 73,328 പേർ യോഗ്യത നേടി.

******************

## മന്ത്രി വീണാ ജോർജ്

സംസ്ഥാനത്തുടനീളമുള്ള രക്ത യൂണിറ്റുകളുടെ ലഭ്യതയെക്കുറിച്ചുള്ള തത്സമയ വിവരങ്ങൾ അറിയാൻ കേന്ദ്രീകൃത സോഫ്റ്റ് വെയർ സംവിധാനമായ 'Blood Bank Traceability Application' ഉടൻ സജ്ജമാകുമെന്ന് മന്ത്രി വീണാ ജോർജ്. സ്വകാര്യ ബ്ലഡ് ബാങ്കുകളെക്കൂടി ഈ സംവിധാനത്തിലേക്ക് സംയോജിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഈ മാസം മുതൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിക്കും. തുടർന്ന് ഈ വർഷം തന്നെ സംസ്ഥാനത്തുടനീളം സംവിധാനം പ്രവർത്തന സജ്ജമാകുമെന്നും മന്ത്രി പറഞ്ഞു.

******************

## നിലമ്പൂർ

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് നാലുദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.

RNU TVPM

എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിന്റെ പ്രചാരണത്തിനായി മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്ന് വഴിക്കടവിലും എടക്കരയിലും പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിനായി മുതിർന്ന നേതാവും എം പിയുമായ പ്രിയങ്ക ഗാന്ധി മണ്ഡലത്തിലെത്തി. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്.

******************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

******************

## ആക്സിയം - 4 -ദൗത്യം

ഇന്ത്യൻ ബഹിരാകാശയാത്രികൻ ശുഭാൻഷു ശുക്ല ഉൾപ്പെട്ട ബഹിരാകാശ ദൗത്യം ആക്സിയം - 4 ന്റെ വിക്ഷേപണം ഈ മാസം 19 നുണ്ടാകുമെന്ന് റിപ്പോർട്ട്. ജൂൺ 11 ന് വിക്ഷേപണം നടത്താൻ നിശ്ചയിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ മാറ്റി വെക്കുകയായിരുന്നു. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചതായി സ്പേസ് എക്സ് ടീം അറിയിച്ചെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. വിക്ഷേപണ വാഹനത്തിലെ ദ്രവീകൃത ഓക്സിജൻ ചോർച്ച പരിഹരിച്ചതായി ISRO സ്ഥിരീകരിച്ചു.

******************

## കോഴിക്കോട് കപ്പൽ

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപെട്ട ചരക്ക് കപ്പലിലെ തീ നിയന്ത്രണ വിധേയമെന്ന് തീര രക്ഷാസേന. കപ്പൽ പുറംകടലിലേക്ക് ടഗ് ഉപയോഗിച്ച് വലിച്ചു കൊണ്ടു പോകാനുള്ള ശ്രമം തുടരുകയാണ്. കോസ്റ്റ് ഗാർഡിൻ്റേയും നേവിയുടേയും കപ്പലുകൾ ഇതിനെ അനുഗമിക്കുന്നുണ്ട്. അതിനിടെ കപ്പലിൽ നിന്ന് കടലിൽ വീണ കണ്ടെയ്നറുകൾ എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളുടെ തീരങ്ങളിൽ അടിയാൻ സാധ്യതയുള്ളതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശം നൽകി. ഇത്തരം വസ്തുക്കൾ കണ്ടാൽ അകലം പാലിക്കുകയും 112 എന്ന നമ്പറിൽ അറിയിക്കുകയും വേണം.

******************

RNUTVPM

## തലമാലി -വെള്ളച്ചാട്ടം (ഇൻട്രോ)

ഇടുക്കിയിലെ അടിമാലി ടൗണിൽ നിന്ന് നോക്കിയാൽ മനോഹര കാഴ്ചയൊരുക്കുന്ന വെള്ളച്ചാട്ടമാണ് തലമാലി വെള്ളച്ചാട്ടം. മൺസൂൺ എത്തിയതോടെ തലമാലി വെള്ളച്ചാട്ടം ജലസമൃദ്ധമാണ്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.
(വോയ്സ്)

******************

## കോഴിക്കോട് മഴ - നിരോധനം

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, കിണർ നിർമ്മാണ പ്രവർത്തനങ്ങൾ, മണലെടുക്കൽ എന്നിവ താൽക്കാലികമായി നിർത്തിവച്ചതായി ജില്ലാ കലക്ടർ. മലയോര പ്രദേശങ്ങൾ, ചുരം മേഖലകൾ എന്നിവിടങ്ങളിലേക്ക് രാത്രി അടിയന്തിര യാത്രകൾ അല്ലാത്തവ

ഒഴിവാക്കണമെന്നും നിർദേശമുണ്ട്. അതേസമയം കനത്ത മഴയിൽ കോഴിക്കോട്, മാങ്കാവിൽ 5 മുറികളോടു കൂടിയ പഴയ ഇരുനില കെട്ടിടം തകർന്നുവീണു.

*******************

## ഗതാഗത നിരോധനം

കൊച്ചി - ധനുഷ്കോടി ദേശീയ പാതയുടെ ഭാഗമായ മൂന്നാർ ഗ്യാപ് റോഡ് വഴിയുള്ള രാത്രികാല റോഡ് ഗതാഗതം ഈ മാസം 17 വരെ നിരോധിച്ചു. ഇതോടൊപ്പം റോഡിന്റെ വശങ്ങളിൽ രാത്രിയും പകലുമുള്ള വാഹനങ്ങളുടെ പാർക്കിങ്ങും നിരോധിച്ചിട്ടുണ്ട്. മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ ഗ്യാപ്പ് റോഡിന്റെ വിവിധ ഭാഗങ്ങളിൽ പാറക്കഷണങ്ങൾ റോഡിലേക്ക് പതിക്കാൻ ഇടയുള്ളതിനാലാണ് നടപടി.

*******************

## പള്ളിക്കൽ നദി

ശക്തമായ മഴയിൽ കൊല്ലം ജില്ലയിലെ പള്ളിക്കൽ നദിയിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി

താമസിക്കേണ്ടതാണ്.

*******************

## ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ്

ഐ സി സി ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കിരീടം ദക്ഷിണാഫ്രിക്കയ്ക്ക്. നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ദക്ഷിണാഫ്രിക്ക ആദ്യമായി ജേതാക്കളായത്. രണ്ടാം ഇന്നിംഗ്സിൽ 282 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ജയം സ്വന്തമാക്കുകയായിരുന്നു. 27 വർഷത്തിനിടെ

RNU TVPM

ദക്ഷിണാഫ്രിക്കയുടെ ആദ്യ ഐസിസി കിരീടമാണിത്. 136 റൺസ് നേടിയ എയ്ഡൻ മാർക്രമാണ് ദക്ഷിണാഫ്രിക്കയെ വിജയത്തിലേക്ക് നയിച്ചത്.

******************

## ശബരിമല

മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട തുറന്നു. വൈകിട്ട് അഞ്ചിന് മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്നു ദീപം തെളിയിച്ചു. ശേഷം പതിനെട്ടാം പടിക്ക് താഴെ ആഴിയിൽ അഗ്നി പകർന്നു. ഉച്ച മുതൽ സന്നിധാനത്ത് അതിശക്തമായ മഴയാണ്. പൂജകൾ പൂർത്തിയാക്കി ഈ മാസം 19ന് രാത്രി 10 മണിക്ക് നടയടക്കും.

******************

***********

******

RNU TVPM